# ഗവ.ഹയർ സെക്കൻററി സ്കൂൾ
# അഞ്ചേരി

"വായിക്കാൻ പഠിച്ചുകഴിഞ്ഞാൽ നിങ്ങൾ എന്നെന്നേക്കുമായി സ്വതന്ത്രനാക്കപ്പെട്ടും"



# പെയ്ത്ത്

*ജൂണിൽ പെയ്ത അക്ഷര മഴ*


ഒരു മഴ പെയ്തു ഭൂമി കുളിർന്നു

ഒരു കതിർ കണ്ടു ഭൂമി പൊലിഞ്ഞു..

വായിക്കുക ; വളരുക

**വായനാദിനം**

ജൂൺ 19



## എന്റെ കൂട്ടുകാരി ...

വാർമുടി കോന്തി മാണിക്യക്കല്ലു -
ണിഞ്ഞ് വരും നിന്നെക്കാണാനെന്തു രസം
കാണാതെ കാത്ത് കാത്ത്
കാണുമ്പോൾ നോവെല്ലാം കരിയുന്നു

എൻ മനം നീയാൽ കുളിർക്കും
ഒറ്റക്കിരിക്കാൻ നീ മാത്രം മതി
കൂട്ടായ് നടക്കാൻ നീ മാത്രം മതി

ഇന്നെന്റെയുള്ളിലെ സൗന്ദര്യ പൂന്തെന്നൽ
കാണുവാനായ് നീ വരുമോ
ജീവന്റെ തുടിപ്പുകൾ കേൾക്കുവാനായ് നീ വരുമോ
എന്നൊപ്പം ചേർന്നിരിക്കാമോ
പതിനേഴ് നാളിനുത്സവമായ്
നിന്നാദ്യ കാലൊച്ച തേടുന്ന ഞാൻ
നിനക്കായ് തുടിക്കുന്ന മനം

സെറിൻ വടക്കൻ
9 A

## മഴയെത്ര ഭംഗി !!!!

വെളുത്ത മേഘങ്ങളെ പതിയെ നീക്കി കറുത്തിരുണ്ട കാർമേഘങ്ങൾ മാനത്ത് നിരന്നു. മഴയുടെ തുടക്കമായി ഇളം കാറ്റ് മരങ്ങളെ തഴുകി ഉണർത്തിപ്പോയി എങ്ങും നിശ്ശബ്ദത ആ നിശ്ശബ്ദതയിൽ മഴയുടെ ആദ്യ തുള്ളി മണ്ണിനെ ചുംബിച്ചു അതോടെ മണ്ണും ഉണർന്നു പിന്നീട് മഴത്തുള്ളികൾ ഓരോന്നായി മണ്ണിനെ ചുംബിക്കാൻ തുടങ്ങി. മണ്ണിന്റെ പുതുമണം അവിടമാകെ പടർന്നു .മഴത്തുള്ളികളുടെ ശക്തി കൂടിയതോടെ താളം മുറുകി വന്നു. ഇപ്പോൾ മഴ മുറ്റത്ത് തകർത്ത് പെയ്യുകയാണ് .സ്നേഹിതനായ കാറ്റ്,മഴയെ ഇടക്കിടക്ക് തൊട്ടുതമ്മി പോകുന്നുണ്ടായിരുന്നു. തണുത്ത ഇളം കാറ്റ് ഇടയ്ക്ക് മഴത്തുള്ളികളെ ചിരിപ്പിച്ചും ഇടയ്ക്ക് തെല്ലൊന്ന് ദേഷ്യപ്പെടുത്തിയും കടന്നു പോയി. മഴയുടെ ശബ്ദത്തിനും താളലയത്തിനുമൊപ്പം മരങ്ങളും ചെടികളുമെല്ലാം ആർത്തുല്ലസിക്കുകയായിരുന്നു. തണുപ്പേറിയ വെള്ളത്തിൽ കളിച്ചൊരുങ്ങുകയായിരുന്നു വൃക്ഷലതാദികൾ. മഴയുടെ ഇരമ്പൽ ശബ്ദം കേട്ട് തവളക്കുഞ്ഞുങ്ങൾ ചിരിക്കാൻ തുടങ്ങി, കുട്ടികളാകട്ടെ മുറ്റത്തെ ചെറു കുളത്തിൽ കുഞ്ഞു വഞ്ചികൾ ഉണ്ടാക്കി ഒഴുക്കാൻ തുടങ്ങി.മഴ കനത്തപ്പോൾ കളിവഞ്ചികൾ മുങ്ങാൻ തുടങ്ങി മഴയ്ക്കും അതു കണ്ട് സങ്കടമായി. മഴ വേഗം തന്റെ ശക്തി ഒന്ന് കുറച്ചു. കുറച്ച് കഴിഞ്ഞപ്പോൾ മഴ പൂർണ്ണമായും നിന്നു. പക്ഷേ മരങ്ങൾ അപ്പോഴും നിന്ന് പെയ്യുകയായിരുന്നു. മഴ തീർന്നതിന്റെ വിഷമത്തിൽ മരങ്ങൾ കരഞ്ഞ് കൊണ്ടേയിരുന്നു. മഴവെള്ളം കെട്ടി നിൽക്കുന്നിടത്ത് വീണ്ടും കളിവഞ്ചികൾ നിറഞ്ഞു കാർമേഘങ്ങൾ മാറി വെളുത്ത മേഘങ്ങൾ ആകാശത്ത് നിരന്നു. സൂര്യപ്രകാശം മരങ്ങൾക്കിടയിലൂടെ പതിയെ....പതിയെ ഒളിക്കണ്ണിട്ട് നോക്കുന്നുണ്ടായിരുന്നു. പിന്നീട് മഴവെള്ളം മുഴുവനും സൂര്യൻ കുടിച്ച് തീർത്തു.ഇപ്പോൾ മറ്റൊരു മഴയെ കാത്ത് നിൽക്കുകയാണ് ലോകം.......

അശ്വതി ഇ കെ 9 എ



മഴ
പെയ്തൊഴിഞ്ഞാലും
മാമരം പൊഴിക്കും..

## മഴച്ചൊല്ലുകൾ

.മഴ നിന്നാലും മരം പെയ്യും
.മഴ പെയ്താൽ പുഴയറിയും
.മഴയൊന്നു പെയ്താൽ മരമേഴുപെയ്യും.
.മാക്രി കരഞ്ഞാൽ മഴ പെയ്യുമോ?
.തിരുവാതിര ഞാറ്റിൽ അമൃതമഴ
.തിരുവാതിരയിൽ നൂറുമഴയും നൂറുവെയിലും
.കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല് വിളയും
.മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും

**പുതുമഴ**

മേഘങ്ങളുടെ പിളരുന്ന
പളുങ്കു മേൽക്കൂരകൾ കീഴിൽ
വയലിനുകളുടെ ഒരു
താഴ് വരയാണ്

സച്ചിദാനന്ദൻ



ചിന്നിചിന്നിത്തെറിക്കും നറുമുത്തു പോലെ
നീളുന്ന വെള്ളിത്തെളി നൂലുപോലെ
ആകാശഗംഗാ പ്രസരങ്ങൾ പോലെ
ആഹാ പതിപ്പൂ പൂവർഷ തോയം

വൈലോപ്പിള്ളി

## മഴ വരുന്നേ

മഴ മഴ മഴ മഴ നല്ല മഴ
കുതിച്ച് പായും നല്ല മഴ
കാർമേഘങ്ങൾ ഇരുണ്ട് കൂടി
ഒരു മഴ പെരു മഴ നല്ല മഴ
നന്മയും തിന്മയും ചേർന്നിണങ്ങി
മിന്നൽ തിളക്കമായ് നല്ല മഴ

സോന .കെ.വി

മഴ മഴ മഴ മഴ മാനത്ത്
തുള്ളി തുള്ളി പെയ്യുന്നേ
തവളകൾ കാറി കരയുന്നോ
മുറ്റം നിറയെ മഴവെള്ളം
ആഹാ കാണാനെന്തു രസം
ചിന്നം പിന്നം പെയ്യുന്നേ
കിണുങ്ങി കിണുങ്ങി പെയ്യുന്നേ
മഴ മഴ മഴ മഴ മാനത്ത്
ചറ പറ ചറ പറ പെയ്യുന്നേ


നന്ദന സുമേഷ്

യദുകൃഷ്ണൻ എം വി
8 ബി



മഴ ....

വരകളിലൂടെ





അഞ്ജന കൃഷ്ണൻ 9 എ

## ഒരു മഴക്കാലം

അന്ന് തുള്ളിക്കൊരു കുടം എന്ന നിലയിൽ ആണ് മഴ പെയ്തത് .ആർത്തലച്ചു പെയ്യുന്ന മഴയെ നോക്കി ശില്പ കരഞ്ഞു പണിക്കുപോയ അമ്മ ഇതുവരെ തിരിച്ചെത്തിയിട്ടില്ല ശില്പക്ക് അച്ഛനില്ല അവൾക്ക് രണ്ട് വയസ്സുള്ളപ്പോൾ മരിച്ചതാണ് അമ്മയുടെ വരുമാനത്താലാണ് ആ കുടുംബം പുലരുന്നത് ശില്പ ഒരു വാശിക്കാരിയാണ് .അവൾ ചോദിക്കുന്നതെന്തും അപ്പോൾ കിട്ടണം .സ്കൂൾ തുറന്നു .അവൾക്ക് സ്കൂളിൽ പോകാൻ ഷൂ വേണം .എല്ലാവരും പുതിയ ഷൂ ഇട്ടാണ് വരുന്നത് .ശില്പക്ക് പുതിയ ഷൂ ഇല്ല .പുതിയ ഷൂ ഇട്ടേ സ്കൂളിൽ പോകൂ എന്ന് ശില്പ വാശി പിടിച്ചു .ആദ്യം അമ്മ വാങ്ങാൻ പറ്റില്ലെന്ന് പറഞ്ഞു .പക്ഷേ ശില്പ വാശി പിടിച്ചു .അമ്മക്കത് നല്ല വിഷമമുണ്ടാക്കി .അമ്മ ഇതുവരെ തിരിച്ചെത്തിയിട്ടില്ല .മഴയാണെങ്കിൽ കുറയുന്നുമില്ല .പെട്ടെന്ന് ആരോ വാതിലിൽ മുട്ടി .അവൾ ചെന്ന് വാതിൽ തുറന്നു .അയായിരുന്നു അത് .അമ്മയുടെ കയ്യിൽ ഒരു കവർ ഉണ്ടായിരുന്നു .ഇതെന്താ ?അമ്മ എവിടെയാ പോയത് ? ഞാൻ പേടിച്ച് പോയി .ഞാൻ നിനക്കുള്ള ഷൂ വാങ്ങാനാ പോയത് .എന്തായാലും മഴ മാറിയിട്ട് ഇത് ഇട്ടാൽ മതി. പറ്റില്ല നാളെത്തന്നെ ഇടണം ശില്പ പറഞ്ഞു .അവളുടെ വാശിക്ക് മുന്നിൽ അമ്മ കീഴടങ്ങി .പിറ്റേ ദിവസം പുതിയ ഷൂവിട്ട് അവൾ സ്കൂളിലേക്ക് പോയി .സ്കൂളിലെത്തണമെങ്കിൽ കുന്നിറങ്ങണം .ഷൂവുമിട്ട് കുന്നിറങ്ങുമ്പോൾ അവളുടെ കാലിൽ നിന്ന് ഷൂ ഊരിപ്പോയി .ആ ഷൂ മലവെള്ളത്തിലൂടെ ഒലിച്ച് പോയി .ശില്പ കരഞ്ഞ് കൊണ്ട് അമ്മയുടെ അടുത്തേക്ക് ഓടിപ്പോയി .അമ്മ ചീത്ത പറയുമെന്നാണ് അവൾ കരുതിയത് . പക്ഷേ അമ്മ അവളെ ആശ്വസിപ്പിച്ചു .ആ തഴുകലിൽ അവളുടെ സങ്കടവും വാശിയും ഇല്ലാതായി .പിന്നീട് അവൾ ഒന്നിനും വേണ്ടി വാശി പിടിച്ചില്ല.

കെസിയ ജോയ് 9 എ

## ആകാശത്തിന്റെ ദുഃഖം

വിങ്ങിപ്പൊട്ടി ഇരുണ്ട് നിൽക്കും
ആകാശത്തിൽ നിന്നൊരു മഴ
എന്തിനാണെന്തിനാണാകാശമേ
നീ തേങ്ങി തേങ്ങി കരയുന്നത്

അച്ഛനാം മേഘം അടിച്ചതിനാലോ
അമ്മയാം മഴവില്ല്
ക്ഷോഭിച്ചതിനാലോ
എന്തിനാണെന്റെ പൊന്നാകാശമേ
നീ തുള്ളിക്കൊരു കുടം കരയുന്നത്
നിൻ കണ്ണീർ ദാഹജലമായെടുത്തിട്ടും
ജീവജാലങ്ങളെ കാണുന്നില്ലേ
നിൻ കണ്ണീർ പേമാരിയായപ്പോ
ഴവരെല്ലാം നിന്നെ പഴിച്ചു
ശപിച്ചതിനാലോ
എന്തിനാണെന്റെ പൊന്നാകാശമേ
നീ തുള്ളിക്കൊരു കുടം കരയുന്നത്
ആരാണ് നിന്നെ കരയിച്ചത്

ഗൗരി .പി.ജി